# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 560** **29.06.2015- ൽ മറുപടിക്ക്**

## ഉദുമ ടെക്സ്റ്റൈൽ മിൽസ്

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**

**ഉത്തരം**

**ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ ഉദുമ ടെക്സ്റ്റൈൽ മിൽസ് ഉത്ഘാടനം ചെയ്തിട്ട് എത്ര വർഷമായി;

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വരുന്ന ഉദുമ ടെക്സ്റ്റൈൽ മിൽസ് ഉദ്ഘാടനം നടന്നിട്ട് നാലര വർഷമായി.

(ബി) പ്രസ്തുത സ്ഥാപനത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) 31.03.2014 വരെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ മൊത്തം ചെലവ് 24.84 കോടി രൂപയാണ്. വായ്പകൾക്കുള്ള പലിശ 4.38 കോടി രൂപയും, ചെയ്തു തീർത്ത ജോലികൾക്കും മറ്റുമായി കൊടുത്തു തീർക്കേണ്ട 3.08 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. ഇനം തിരിച്ചുള്ള ചെലവ് താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| 1 | ബിൽഡിംഗുകൾ | 6.57 കോടി |
| 2 | പ്ലാന്റ്, മെഷീനറി | 13.30 കോടി |
| 3 | ഇലക്ട്രിക്കൽ വർക്കുകൾ | 2.04 കോടി |
| 4 | മറ്റ് ആസ്തികൾ | 0.29 കോടി |
| 5 | പ്രിലിമിനറി, പ്രീ-ഓപ്പറേറ്റീവ് ചെലവുകൾ (പ്രാരംഭ ചെലവുകൾ) | 2.64 കോടി |
| | ആകെ | 24.84 കോടി |

(സി) മുൻസർക്കാർ ഈ സ്ഥാപനത്തിലേക്ക് ജീവനക്കാരെ നിയമിക്കാൻ ഏത് ഗവ.ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്; നടപടികൾ പൂർത്തിയാക്കി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി; ഇവർ ഇപ്പോഴും പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മുൻസർക്കാർ ഈ സ്ഥാപനത്തിലേക്ക് ജീവനക്കാരെ നിയമിക്കാൻ കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെയാണ് ഏൽപ്പിച്ചത്. പ്രസ്തുത ഏജൻസി വിവിധ തസ്തികകൾക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും, അതിൽ നിന്ന് 29 പേർക്ക് നിയമനം നൽകുകയും, 14 പേർ ജോലിക്ക് ഹാജരാകുകയും ചെയ്തു. അതിൽ 7 പേർ മാത്രം ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ട്.

(ഡി) മേൽ റാങ്ക് ലിസ്റ്റ് ഒഴിവാക്കി പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; ആയത് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്; ഈ കാരണം കൊണ്ടാണോ ആദ്യ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ കേസ്സിന് പോയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പദ്ധതിക്കാവശ്യമായ തൊഴിലാളികളുടെയും ജീവനക്കാരുടെയും നിയമനങ്ങളും ആയതിനുള്ള നടപടിക്രമങ്ങളും സർക്കാർ 01.01.2011 ൽ അംഗീകരിച്ചിരുന്നു. എന്നാൽ നിയമന പ്രക്രിയയുടെ സാധുതയെ ചോദ്യം ചെയ്തു കൊണ്ടും, 01.01.2011 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ നിയമ സാധുതയെ ചോദ്യം ചെയ്തുകൊണ്ടും, നിയമന നടപടികളിൽ പങ്കെടുക്കുന്നതിന് അർഹമായ അവസരം ലഭിച്ചില്ല എന്ന് ആരോപിച്ചുകൊണ്ടും വിവിധ കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ പരിഗണനക്കു വന്ന സാഹചര്യത്തിൽ സർക്കാർ കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ (കെ.എസ്.പി.സി) മുഖാന്തിരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുകയുണ്ടായി. പുതിയ നിയമന നടപടികൾ സ്വീകരിച്ച് പുതിയ റാങ്ക് ലിസ്റ്റ് റിയാബിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കണമെന്ന് വിവക്ഷിച്ചിരുന്നു. റിയാബിന്റെ

മേൽനോട്ടത്തിൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ നടപടി തുടങ്ങി വച്ചിരുന്നെങ്കിലും ആയത് പൂർത്തിയായിട്ടില്ല. ഇതിനെതിരെ ബഹു.കേരളാ ഹൈക്കോടതി മുൻപാകെ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസുകൾ/ഇടക്കാല ഉത്തരവുകൾ തീർപ്പാകാത്തതു മൂലം നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (ഇ) | മേൽ സ്ഥാപനത്തിൽ വാണിജ്യാടിസ്ഥാനത്തിൽ എന്ന് ഉൽപ്പാദനം തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ഇ) | പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.<br>1. പദ്ധതിക്കാവശ്യമായ നിയമനങ്ങൾ പൂർത്തിയായിട്ടില്ല. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്.<br>2. അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് 7.18 കോടി രൂപ അധികമായി വേണ്ടി വരുമെന്ന് കണക്കാക്കുന്നു.<br>നിയമന നടപടികളിന്മേലുള്ള കോടതി കേസുകൾ തീർപ്പാവുകയും മില്ലിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിനാവശ്യമായ പണം ലഭ്യമാവുകയും ചെയ്യുന്ന മുറക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങാനാവുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ